LIBRARY ARCHIVES Kerala Legislative Assembly

കോരയാറിനു കുറുകെ അകൃഡക്റ്റ് നിർമ്മാണവും തുടർന്നുള്ള ഭാഗത്തെ കനാൽ നിർമ്മാണവും

40 [3627] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന കുര്യാർകുറ്റി-കാരപ്പാറ പദ്ധതിയുടെ വലതുകര കനാലിന്റെ നിർമ്മാണത്തിന്റെ തുടർച്ചയായി കോരയാറിന് കുറുകെ അകൃഡക്റ്റ് നിർമ്മിക്കുന്നതിനും തുടർന്നുള്ള ഭാഗത്തെ കനാൽ നിർമ്മിക്കുന്നതിനും 2004-05 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) കോരയാറിനു കുറുകെ അകൃഡക്റ്റ് നിർമ്മിച്ചാലേ ജലക്ഷാമം അനുഭവിക്കുന്ന വടകരപ്പതി പ്രദേശത്ത് ജലം എത്തിക്കാൻ കഴിയൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ നിർമ്മാണം തുടങ്ങാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഒ. പി. നമ്പർ 445/2000-ലെ ഹൈക്കോടതി വിധി പ്രകാരം എം.ആർ.ബി.സി.-യുടെ 12075 മീറ്റർ മുതൽ 16125 മീറ്റർ വരെയുള്ള കനാലിന്റെ നിർമ്മാണ പ്രവൃത്തികൾ നടത്തുവാനാണ് സർക്കാർ ഇപ്പോൾ മുൻഗണന നൽകുന്നത്.

ബനിഫിഷ്യറി ഫാർമേഴ്സ് അസോസിയേഷന്റെ ചുമതല

41 [3628] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമാന്റ് ഏരിയാ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന ബനിഫിഷ്യറി ഫാർമേഴ്സ് അസോസിയേഷനുകളുടെ ചുമതലകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഓരോ പ്രോജക്ട് പ്രദേശത്തും രജിസ്റ്റർ ചെയ്ത എത്ര ബി.എഫ്.എ.-കൾ ഉണ്ട്; ഇവയിൽ എത്രയെണ്ണം ഇപ്പോഴും സജീവമായി പ്രവർത്തിക്കുന്നു;

(സി) ബി.എഫ്.എ.-കളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ബി.എഫ്.എ.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ഇ) അധികാര വികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ ബി.എഫ്.എ.-കളുടെ സംഘാടനവും പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഒരു ജലസേചന പദ്ധതിയുടെ പൈപ്പ്‌ലൈറ്റിന്റെ കീഴിലുള്ള ജലസേചന സംവിധാനത്തിന്റെ നിർമ്മാണം, സംരക്ഷണം, അറ്റകുറ്റപ്പണി, സൂക്ഷിപ്പ്, അതോറിറ്റി അംഗീകരിക്കുന്ന രീതിയിലും സമയപരിധിയിലും ജലവിതരണം ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക, അനധികൃതമായും നിയമവിരുദ്ധമായും ജലവിനിയോഗം തടയുക എന്നിവയാണ് ബനിഫിഷ്യറി ഫാർമേഴ്സ് അസോസിയേഷന്റെ ചുമതലകൾ.

(ബി) കമാന്റ് ഏരിയ വികസന അതോറിറ്റിയുടെ കീഴിലുള്ള 16 പദ്ധതി പ്രദേശങ്ങളിലുമായി 20-7-2004 വരെ 4041 സമിതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ ഇപ്പോൾ കാഡാ പ്രവർത്തനങ്ങൾ തുടർന്നു വരുന്ന നാലു പദ്ധതി പ്രദേശങ്ങളായ പമ്പ, പഴശ്ശി, പെരിയാർവാലി, കാഞ്ഞിരപ്പുഴ എന്നീ പദ്ധതി പ്രദേശങ്ങളിലെ 178 ബി.എഫ്.എ.-കൾ സജീവമായി പ്രവർത്തിക്കുന്നു.

(സി) ഉണ്ട്. കാഡാ പ്രവർത്തനങ്ങൾ സജീവമായി നടപ്പിലാക്കുന്ന പദ്ധതി പ്രദേശങ്ങളിലെ ബി.എഫ്.എ.-കൾ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നതായും കാഡാ പ്രവർത്തനങ്ങൾ നിലക്കുന്നതോടൊപ്പം ബി.എഫ്.എ.-കൾ നിർജ്ജീവമായിക്കൊണ്ടിരിക്കുന്നതും ആയാണ് പൊതുവേ വിലയിരുത്തപ്പെട്ടിട്ടുള്ളത്. കനാൽ ജലം പൂർണ്ണമായി ലഭ്യമല്ലാത്ത ഇടങ്ങളിലെ കർഷകർ ബി.എഫ്.എ.-കളിൽ അംഗങ്ങളാകുവാനും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും വിമുഖത കാണിക്കുന്നതായും കണ്ടുവരുന്നു. പ്രസ്തുത സ്ഥലങ്ങളിലെ ബി.എഫ്.എ.-കൾ പ്രായേണ നിർജ്ജീവമായി വരുന്നു. എല്ലാ വർഷവും ബി.എഫ്.എ.-കളുടെ രജിസ്ട്രേഷൻ പുതുക്കേണ്ടതുമായി ബന്ധപ്പെട്ട പൊതുയോഗങ്ങൾ ചേരുക, ഭരണ സമിതി രൂപീകരിക്കുക മുതലായ നടപടിക്രമങ്ങൾ കർഷകരുടെ വിമുഖതമൂലം നടപ്പാക്കാൻ സാധിക്കാത്തതിനാൽ പല ബി.എഫ്.എ.-കളും പ്രവർത്തനരഹിതങ്ങളായി കണ്ടുവരുന്നു.

(ഡി) 'കാഡ'-യിലെ വിവിധ വിഭാഗങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിശദീകരണം നൽകുക, ഗുണഭോക്താക്കളായി മാറ്റുക, കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം നൽകുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1986-ലെ 37-ാം നമ്പർ കേരള കമാന്റ് ഏരിയാ വികസന ആക്ട് സെക്ഷൻ 17 പ്രകാരം ചാരിറ്റബിൾ സൊസൈറ്റി ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്തുകൊണ്ടാണ് ബി.എഫ്.എ.-കൾ രൂപീകരിക്കപ്പെടുന്നത് എന്നതിനാൽ അവയുടെ സംഘാടനവും പ്രവർത്തനവും ഏറ്റെടുത്ത് നടത്തുവാൻ തദ്ദേശ സ്ഥാപനങ്ങളെ ചുതലപ്പെടുത്താവുന്നതല്ല.

ആർട്ടിഫിഷ്യൽ റീ-ചാർജിംഗ് പദ്ധതി

42 [3629] ശ്രീ. ഷിബു ബേബിജോൺ:

" ജോണി നെല്ലൂർ:

" കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭൂജല ബോർഡ് നടപ്പിലാക്കി വരുന്ന "ആർട്ടിഫിഷ്യൽ റീ-ചാർജിംഗ്" കേരളത്തിൽ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശത്താണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി നടത്തുവാൻ സംസ്ഥാനത്തെ ഏതെങ്കിലും സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര സർക്കാർ സഹായം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ഭൂജല ബോർഡ് നടപ്പിലാക്കി വരുന്ന ആർട്ടിഫിഷ്യൽ റീ-ചാർജിംഗ് കേരളത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) കേന്ദ്ര ഭൂജല ബോർഡിന്റെ സഹായത്തോടുകൂടി 2003-04 സാമ്പത്തിക വർഷത്തിൽ മൂന്ന് കൃത്രിമ ഭൂജല സംരക്ഷണ പദ്ധതികൾ ഈ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. അവ;

1. സബ്സ് സർഫസ് ഡാം—മാണിക്കൽ പഞ്ചായത്ത്, തിരുവനന്തപുരം.

2. സബ്സ് സർഫസ് ഡാം—കോമുട്ടിചെള്ള, പുതുശ്ശേരി പഞ്ചായത്ത്, പാലക്കാട്.

3. ചെക്ക് ഡാം—അനിഞ്ഞ, ചെമ്മനാട് പഞ്ചായത്ത്, കാസർഗോഡ്.

LIBRARY ARCHIVES Kerala Legislative Assembly